# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5219 — 06.02.2014 ന് മറുപടിയ്ക്ക്.

## പദ്ധതികൾക്ക് വനം വകുപ്പിന്റെ ഭരണാനുമതിയ്ക്ക് കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് (എൽ.എ.സി.എ.ഡി.എഫ്) പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് റാന്നി എം.എൽ.എ നിർദ്ദേശിച്ചിട്ടുള്ള എത്ര പ്രോജക്ടുകൾ റാന്നി ഡി.എഫ്.ഒ, പെരിയാർ ടൈഗർ റിസർവ്വ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ മുഖേന സമർപ്പിച്ചിട്ടുള്ളതെന്ന് പദ്ധതിയുടെ പേരും, അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ; ഈ പദ്ധതികൾ നിർദ്ദേശിച്ചുകൊണ്ട് എം.എൽ.എ എന്നാണ് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുള്ളത് ;

(എ) സതേൺ സർക്കിളിലെ റാന്നി ഡിവിഷനിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് റാന്നി എം.എൽ.എ, റാന്നി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ മുഖേന 3 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് താഴെ പറയുന്നവയാണ്.

1. ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം - 1.92 ലക്ഷം രൂപ.
2. വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം - 1.92 ലക്ഷം രൂപ.
3. ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം - 0.97 ലക്ഷം രൂപ.

മേൽ പദ്ധതികൾ നിർദ്ദേശിച്ചുകൊണ്ട് 23.12.2009-ൽ ബഹു. റാന്നി എം.എൽ.എ പത്തനംതിട്ട ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി പദ്ധതികൾ അംഗീകരിക്കുമ്പോൾ പാറ, വെള്ളം എന്നിവയുള്ള പ്രദേശങ്ങളിൽ വനം വകുപ്പ് വൈദ്യുതി കമ്പിവേലി നിർമ്മിക്കുവാനും, ഇതിനിടയ്ക്കുള്ള മറ്റുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് മുഖേന കിടങ്ങ് കഴിക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

പെരിയാർ വെസ്റ്റ് ഡിവിഷനിൽ 26.06.2012-ലാണ്ബഹു. റാന്നി എം.എൽഎ പമ്പാ-സന്നിധാനം പാതയിലുള്ള വനം വകുപ്പിന്റെ രണ്ട്

താല്ക്കാലിക കെട്ടിടങ്ങൾ പുനഃരുദ്ധരിക്കുന്നതിനായി സന്നദ്ധത പ്രകടിപ്പിച്ചത്. ഇതിൽ ഒരു കെട്ടിടത്തിനായുള്ള നിർദ്ദേശം പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ 17.12.2012-ൽ സമർപ്പിച്ചിരുന്നു. എന്നാൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ബഹു. എം.എൽ.എ-യുമായി ചർച്ച ചെയ്തതിനെത്തുടർന്ന് കറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ആയത് തയ്യാറാക്കുന്നതിനായി ഫീൽഡ് ഡയറക്ടർ കോട്ടയത്തിനും, ഡെപ്യൂട്ടി ഡയറക്ടർ പീരുമേടിനും നിർദ്ദേശം നൽകുകയുണ്ടായി. എത്ര തുകയാണ് ടി പദ്ധതിക്കായി ബഹു. എം.എൽ.എ നീക്കി വെച്ചിരിക്കുന്നത് എന്ന് തീരുമാനിച്ച അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) ഈ പദ്ധതികൾക്ക് ഇതേ വരെ ഭരണാനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി ലഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി)റാന്നി ഡിവിഷനു കീഴിൽ വരുന്ന മൂന്ന് പദ്ധതികൾക്ക് തിരുവനന്തപുരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 18.11.2009-ലെ ഡബ്ല്യൂ.എൽ.10-5389/2009 നമ്പർ പ്രകാരവും, പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 31.03.2010-ലെ എ 2-2850/2009 (23) നമ്പർ പ്രകാരവുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ അനുമതികളിൽ വന്യമൃഗ ശല്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കിടങ്ങ് കുഴിക്കുന്നതിനുള്ള ഫണ്ട് എൻ.ആർ.ഇ.ജി.എ-യിൽ നിന്നും പഞ്ചായത്തു വഴി ലഭ്യമാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

പെരിയാർ ടൈഗർ റിസർവ്വിലെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുമ്പായി തയ്യാറാക്കി ലഭിക്കുന്ന പ്ലാൻ ശബരിമല മാസ്റ്റർ പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയുമായി താദാത്മ്യം പ്രാപിച്ച പോകുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ട്രാവൻകൂർ ദേവസ്വം ബോർഡ് ശബരിമല മാസ്റ്റർ പ്ലാനിൽത്തന്നെ കാതലായ മാറ്റങ്ങൾ വരുത്തി പമ്പ മുതൽ സന്നിധാനം വരെയുള്ള പ്രവർത്തികൾ നടത്തിവരുന്നതിനാൽ ഇക്കാര്യത്തിൽ സുചിന്തിതമായ തീരുമാനം എടുക്കുന്നതിനും പ്രയാസം നേരിടുന്നുണ്ട്.

(സി) ഓരോ പദ്ധതിയുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; ഈ പ്രോജക്ടുകൾ ഓരോന്നിന്റേയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(സി) റാന്നി ഡിവിഷനിലെ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവയ്ക്കുള്ള ഭരണാനുമതി ലഭിച്ച വിവരം ചോദ്യം (ബി)യുടെ ഉത്തരത്തിൽ നൽകിയിട്ടുണ്ട്.

പെരിയാർ ടൈഗർ റിസർവ്വിലെ പദ്ധതിയെ സംബന്ധിച്ച് അന്തിമ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. ജില്ലാ കളക്ടറിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി നിർദ്ദേശിച്ചുകൊണ്ടുള്ള പ്ലാൻ ശബരിമല മാസ്റ്റർ പ്ലാനുമായും, ടൈഗർ കൺസർവേഷൻ പ്ലാനുമായും താദാത്മ്യം പ്രാപിക്കുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

(ഡി) ഈ ഫയലുകളിൽ തുടർ നടപടികൾ ഉണ്ടാകാത്തതിന് എന്താണ് കാരണം; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഒന്നര വർഷം കഴിഞ്ഞിട്ടും ഈ പ്രോജക്ടുകൾ സർക്കാർ അനുമതിയ്ക്കായി നൽകാതെ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരുടെ മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) റാന്നി ഡിവിഷനിലെ പദ്ധതികളെ സംബന്ധിച്ച് നിർദ്ദിഷ്ടഭാഗങ്ങളിൽ കിടങ്ങ് കുഴിക്കുകയും പാറയും വെള്ളവും വരുന്ന ഭാഗങ്ങളിൽ വൈദ്യുതി കമ്പിവേലി നിർമ്മിക്കാനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. വൈദ്യുതി കമ്പിവേലിയുടെ നിർമ്മാണം വനം വകുപ്പിന്റെ ആഭിമുഖ്യത്തിലും, കിടങ്ങ് നിർമ്മാണം എൻ.ആർ.ഇ.ജി.എ ഫണ്ട് ഉപയോഗ്ച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും നിർവ്വഹിക്കാനാണ് തീരുമനിച്ചിരുന്നത്. സൗരോർജ്ജവേലിയും കിടങ്ങും ഇടവിട്ടിടവിട്ട് നിർമ്മിക്കേണ്ടിയി-രുന്നതിനാൽ കിടങ്ങ് നിർമ്മാണം നടന്നാൽ മാത്രമെ വൈദ്യുതി വേലി നിർമ്മാണം നടത്താൻ കഴിയുമായിരുന്നുള്ളു. കിടങ്ങുകൾക്കുള്ളിലൂടെയാണ് വൈദ്യുതവേലിയുടെ സപ്ലൈ ലൈനുകൾ ഒരു സെക്ഷനിൽ നിന്നും അടുത്ത സെക്ഷനിലേക്ക് നീക്കേണ്ടിയിരുന്നത്. അല്ലാത്ത പക്ഷം ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുമായിരുന്നില്ല. എന്നാൽ കിടങ്ങ് നിർമ്മാണം പൂർത്തിയാക്കുന്നതിന് ചിറ്റാർ, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും എൻ.ആർ.ഇ.ജി.എ ഫണ്ടിലെ കൂലി നിരക്കിന്റെ അപര്യാപ്തത മൂലം പുരുഷ ജോലിക്കാരെ കിട്ടാനില്ലാത്തതിനാലും സ്ത്രീ തൊഴിലാളികളെക്കൊണ്ടു മാത്രം ഈ ജോലി പൂർത്തീകരിക്കാൻ കഴിയാത്തതിനാലും കിടങ്ങ് നിർമ്മാണം നടത്താൻ കഴിയില്ല എന്ന് പഞ്ചായത്ത് അധികൃതൽ അറിയിച്ചിരുന്നു. കിടങ്ങു നിർമ്മാണം പൂർത്തിയായിക്കിട്ടാൻ പലതവണ പഞ്ചായത്ത് അധികൃതരുമായി കത്തിടപാടുകൾ നടത്തിയിട്ടും ഫലം കണ്ടില്ലായെന്നും ഈ വിവരം 12.03.2010-ൽ ബഹു. എം.എൽ.എ-യേയും രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കൃത്യവിലോപം ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടില്ല.

പെരിയാർ ടൈഗർ റിസർവ്വിനെസംബന്ധിച്ച് കോട്ടയം ഫീൽഡ് ഡയറക്ടറുടെ ഓഫീസിൽ നിന്നും വ്യക്തമായ ശുപാർശയോടെ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നതിനുള്ള കാലതാമസമാണ് ഒരു കാരണം. കൂടാതെ പമ്പ-സന്നിധാന പാതയിൽ ട്രാവൻകൂർ ദേവസ്വം ബോർഡ്, ശബരിമല മാസ്റ്റർ പ്ലാനിൽ നിന്നും വ്യതിചലിച്ചുകൊണ്ട് പ്രവർത്തികൾ നടത്തുന്നതിനാൽ വനം വകുപ്പിന്റെ താല്കാലിക കെട്ടിടങ്ങൾ പുനരുദ്ധരിക്കുമ്പോൾ വന്യജീവി സഞ്ചാരത്തെ എങ്ങനെ ബാധിക്കുമെന്ന് തിട്ടപ്പെടുത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. എന്നിരുന്നാലും പ്ലാനും എസ്റ്റിമേറ്റും ശുഷ്കാന്തിയോടെ തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിന് കാരണമെന്തെന്ന് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) അടിയന്തരമായി ഈ പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(ഇ) റാന്നി ഡിവിഷനിലെ പ്രോജക്ടുകൾക്ക് ഉത്തരം (സി)യിൽ പറഞ്ഞ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ ഉത്തരവുകൾ പുതുക്കി പുറപ്പെടുവിക്കേണ്ടതും ഇതിനാവശ്യമായ ഫണ്ട് പുതുതായി അനുവദിക്കേണ്ടതുമാണ്. കൂടാതെ കിടങ്ങ് നിർമ്മാണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് അധികതരുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി ഇക്കാര്യം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുന്നുണ്ട്.

പെരിയാർ ടൈഗർ റിസർവ്വിലെ പദ്ധതിയിൽ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ പ്ലാൻ ഉടനടി ലഭ്യമാക്കുവാൻ കോട്ടയം ഫീൽഡ് ഡയറക്ടർക്കും, ഡെപ്യൂട്ടി ഡയറക്ടർ പീരുമേടിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ടൈഗർ കൺസർവേഷൻ പ്ലാനും മാസ്റ്റർ പ്ലാനുമായി താരതമ്യപ്പെടുത്തി അനന്തര നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.